LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുഗതാഗത സൗകര്യമില്ലാത്തതും, വിദൂരവും ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽ നിന്നും സ്കൂളിൽ ദിവസവും പോയി വരാനാകുന്ന വിധം പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ, പഠിക്കുവാനാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനാണ് ഗോത്ര സാരഥി പദ്ധതി ആവിഷ്കരിച്ചത്. വിദൂരവും, ദുർഘടവുമായ പ്രദേശങ്ങളിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോകുന്നതിനും പഠനശേഷം തിരികെ വീട്ടിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷമാണ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും അർഹമായ സ്കൂളുകളെ പഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നതിനും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

188(2226) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി വിദ്യോദയം എന്ന പേരിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ തന്നെ താമസിപ്പിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കഴൽ കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടസൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കലാകായിക ഇനങ്ങൾക്ക് പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ, യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും, കളിക്കളം എന്ന പേരിൽ കായികമേളയും നടത്തുന്നു. കൂടാതെ രണ്ട് സ്കൂളുകളിൽ സി.ബി.എസ്.ഇ. സിലബസ്സിലുള്ള പാഠ്യപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.